# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2536 — 01.04.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് സ്വകാര്യമേഖലയിലും തൊഴിൽ

**ചോദ്യം**

**ശ്രീ. എ.കെ.ശശീന്ദ്രൻ**
**ശ്രീ. തോമസ് ചാണ്ടി**

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്യുന്നവർക്ക് സർക്കാർ സ്ഥാപനങ്ങൾക്കൊപ്പം സ്വകാര്യ മേഖലയിലും തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2012-13 സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്റർ എന്ന പുതിയ പദ്ധതി പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടികൾ നടന്നു വരുന്നു. ഈ പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കപ്പെടുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അഭിരുചിയും കഴിവും തിരിച്ചറിഞ്ഞ്, പോരായ്മകൾ നികത്തുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകിക്കൊണ്ട് അവരെ തൊഴിലിന് പ്രാപ്തരാക്കുകയും സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും തൊഴിൽ ദാതാക്കളുമായി സഹകരിച്ചു കൊണ്ട് അവർക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നതാണ്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ ഉദ്യോഗാർത്ഥിയുടേയും അഭിരുചിയും കഴിവും തിരിച്ചറിയുന്നതിനായി പരീക്ഷ നടത്തുകയും പിഴവുകൾ തിരിച്ചറിഞ്ഞു വിദഗ്ദ്ധ പരിശീലനം നടത്തി മിടുക്കരാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ; | (ബി) | നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വിദഗ്ദ്ധ പരിശീലനം നേടിയ ഉദ്യോഗാർത്ഥികളുടെ ടെസ്റ്റ് സ്കോർ തയ്യാറാക്കി ഇവരുടെ ബയോ | (സി) | എംപ്ലോയബിലിറ്റി സെന്ററുകൾ പൂർണ്ണമായും കാര്യക്ഷമമായി പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് എസ്.എം.എസ് അലർട്ട് നൽകുന്നതി |

| | | | |
|---|---|---|---|
| | ഡാറ്റായിൽ ഉൾപ്പെടുത്തി സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാനും തൊഴില വസരങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥികളുടെ മൊബൈലിൽ എസ്.എം.എസ് അലർട്ട് നൽകു ന്നതിനും നടപടി സ്വീകരിക്കുമോ? | | നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ